"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - കോട്ടയം ജില്ലയിലെ അഞ്ചുമന പാലത്തിന്റെ നിർമ്മാണ പ്രവ:്യത്തിയുടെ പൂർത്തീകരണ കാലാവധി (ടൈം ഓഫ് കംപ്ലീഷൻ ) പിഴ കൂടാതെ ദീർഘിപ്പിക്കുന്നതിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1126/2024/PWD തിരുവനന്തപുരം,തീയതി, 07-11-2024

---

പരാമർശം:- 1. 02.04.2024 തീയതിയിലെ സഉ(കൈ) നമ്പർ 21/2024/ പൊ.മ.വ.

2 21.10.2024 തീയതിയിലെ സഉ(സാധാ) നമ്പർ 1073/2024/ പൊ.മ.വ.

3. പ്രൊജക്റ്റ് ഡയറക്ടർ, കെ.ആർ.എഫ്.ബി യുടെ 22.10.2024 തീയതിയിലെ PDKRFB-KTM0107/1/2022-PE-7 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ അഞ്ചുമന പാലം നിർമ്മാണ പദ്ധതിയ്ക്ക് കിഫ്ബിയുടെ 2018 പ്രവർത്തികളിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. 22.10.2020 ന് സ്ഥലം കരാറുകാരന് കൈമാറിയെന്നും എഗ്രിമെൻ്റിൽ പ്രസ്തുത പദ്ധതിയ്ക്കുള്ള പൂർത്തീകരണ കാലാവധി 21.10.2021 വരെ (12 മാസം) ആണെന്നും നാല് തവണ കാലാവധി ദീർഘിപ്പിച്ച് നൽകിയതിൻ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 30.09.2024 വരെ ആണെന്നും ഇത് കാലഹരണപെട്ട സാഹചര്യത്തിൽ പിഴ കൂടാതെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം കെ. ആർ. എഫ് .ബി. പ്രൊജക്റ്റ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ വസ്തുതകൾ പരിഗണിച്ച് , പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കോട്ടയം ജില്ലയിലെ അഞ്ചുമന പാലം നിർമ്മാണ പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി പിഴ കൂടാതെ (01.10.2024 മുതൽ 15.10.2024) വരെ ദീർഘിപ്പിച്ച് നൽകുന്നതിനുള്ള അനുമതി പ്രൊജക്റ്റ് ഡയറക്ടർ, കെ, ആർ ,എഫ് ,ബി ,യ്ക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUJITHA KUMARI S S

ഡെപ്യൂട്ടി സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by

Chithra G S

Date: 07-11-2024 12:34:56

സെക്ഷൻ ഓഫീസർ

പ്രൊജക്റ്റ് ഡയറക്ടർ കെ ആർ എഫ് ബി (പി എം യു).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള,തിരുവനന്തപുരം
ധനകാര്യവകുപ്പ്
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ - -D1/465/2024-PWD